**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** — **04-02-2026 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുവാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | **ശ്രീ കെ ബി ഗണേഷ് കുമാർ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** |

(എ) കെ.എസ്.ആർ.ടി.സി.യുടെ കഴിഞ്ഞ 4 വർഷത്തെ വരുമാന കണക്ക് മാസം തിരിച്ച് ലഭ്യമാക്കാമോ;

(എ) കെ.എസ്.ആർ.ടി.സി.യുടെ കഴിഞ്ഞ 4 വർഷത്തെ ടിക്കറ്റ്, ടിക്കറ്റിതര വരുമാനത്തിന്റെ മാസം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| (തുക കോടി രൂപയിൽ) | | | | |
|---|---|---|---|---|
| | **2022** | **2023** | **2024** | **2025** |
| ജനുവരി | 143.53 | 233.82 | 260.18 | 262.77 |
| ഫെബ്രുവരി | 129.19 | 195.55 | 217.97 | 218.25 |
| മാർച്ച് | 164.18 | 215.03 | 223.97 | 221.91 |
| ഏപ്രിൽ | 168.67 | 217.80 | 234.09 | 240.31 |
| മെയ് | 192.67 | 242.53 | 241.24 | 238.61 |
| ജൂൺ | 188.62 | 218.65 | 223.53 | 224.12 |
| ജൂലൈ | 184.84 | 215.12 | 227.39 | 224.00 |
| ആഗസ്റ്റ് | 180.31 | 234.70 | 228.01 | 244.66 |
| സെപ്റ്റംബർ | 189.58 | 222.54 | 232.59 | 243.74 |
| ഒക്ടോബർ | 205.39 | 232.70 | 237.44 | 252.65 |
| നവംബർ | 211.82 | 235.86 | 244.48 | 256.91 |
| ഡിസംബർ | 243.15 | 271.55 | 271.23 | 275.27 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുവാൻ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾ പ്രയോജനപ്രദമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലെത്തിക്കുന്നതിനു വിവിധ സർവീസുകളും പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

കോർപ്പറേഷനിൽ നഷ്ടത്തിലുണ്ടായിരുന്ന റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകളെ ഇത്തരം ക്രമീകരണങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി നിലനിർത്തിയിട്ടുണ്ട്. ഇത്തരം ക്രമീകരണത്തിലൂടെ പൊതുജനങ്ങൾക്ക് ഉപകാരമല്ലാത്തതും വരുമാന ലഭ്യത ഇല്ലാത്തതുമായ ഡെഡ് കിലോമീറ്റർ ഓപ്പറേഷൻ കുറയ്ക്കുന്നതിനും അതിന് പകരം വരുമാന

ലഭ്യതയുള്ളതും ജനോപകാരപ്രദവുമായ റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു.

ദീർഘദൂര ബസുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഇങ്ങനെ ഒഴിവാകുന്നതിൽ ഒറ്റപ്പെട്ട ഭാഗങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം നഗരത്തിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് തുറന്ന ഇരുനില ബസ്സിൽ നഗരം ചുറ്റി കാണുവാനായി 'നഗരകാഴ്ചകൾ' എന്ന പേരിൽ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസ്സുകൾ സ്മാർട്ട് സിറ്റി പദ്ധതി വഴി ലഭ്യമാക്കി സർവീസ് ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പിൽ രൂപമാറ്റം വരുത്തിയതും ഗ്ലാസ് നിർമ്മിതവുമായ ഡീസൽ ഡബിൾ ഡക്കർ ബസ് 'റോയൽ വ്യൂ ഡബിൾ ഡക്കർ' എന്ന ബ്രാന്റ് നാമത്തിൽ മൂന്നാറിൽ സർവ്വീസ് നടത്തുന്നു. കൂടാതെ 'റോയൽ വ്യൂ 2.0' എന്ന പേരിൽ പുതിയ സർവീസ് ആരംഭിക്കുകയും ചെയ്തു.

എറണാകുളത്ത് ഡബിൾ ഡക്കർ സൈറ്റ് സീയിംഗ് സർവീസ് ആരംഭിക്കുകയും തൃശ്ശൂർ നഗരത്തിൽ സർവീസ് ആരംഭിക്കുന്നതിനുള്ള ട്രയൽ പൂർത്തീകരിക്കുകയുമുണ്ടായി.

തമിഴ്നാട്ടുമായുള്ള 2019-ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്തുവാൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽ കൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കുകയും തമിഴ്നാട്ടിലെ തീർത്ഥാടന കേന്ദ്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് ബസ് പാരിറ്റി വ്യവസ്ഥയിൽ ബഡ്ജറ്റ് ടൂർ പ്രോഗ്രാമുകൾ നടത്തി വരികയും ചെയ്യുന്നു.

സൂപ്പർ ക്ലാസ് ബസ്സുകളെ മികച്ച സൗകര്യങ്ങളോടെ ഡിസൈൻ ചെയ്ത് ബഡ്ജറ്റ് ടൂർ കൂടാതെ വിവാഹങ്ങൾ, തീർത്ഥാടനങ്ങൾ, മറ്റ് സ്വകാര്യ പരിപാടികൾ എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങൾക്കും ചാർട്ടേർഡ് ട്രിപ്പുകൾക്കും നൽകുന്നതിന് ആകർഷകമാകും വിധം നിരക്കുകൾ കുറച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുകയും കോർപ്പറേഷന് വരുമാന വർദ്ധനവുണ്ടാവുകയും ചെയ്തു.

<u>പുതിയ സർവ്വീസുകൾ / ബസ്സുകൾ</u>

സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ, ബൈപ്പാസ് റൈഡർ എന്നീ സർവീസുകൾക്ക് പുറമേ 2024-25 കാലയളവിൽ എ.സി. പ്രീമിയം സൂപ്പർഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് പാസഞ്ചർ (LS SFP), ഗരുഡ പ്രീമിയം എ.സി., എ.സി. സൂപ്പർ ഫാസ്റ്റ്, ഗരുഡ വോൾവോ മൾട്ടി ആക്സിൽ, ഗരുഡ വോൾവോ എ.സി. മൾട്ടി ആക്സിൽ സ്ലീപ്പർ, (Volvo 9600 SLX) ഇന്ത്യയിലെ ട്രാൻസ്പോർട്ട് കോർപ്പറേഷനുകളിൽ ആദ്യമായി കെ.എസ്.ആർ.ടി.സി.യാണ് Volvo 9600 SLX നിരത്തിലിറക്കിയിട്ടുള്ളത്. എ.സി. സീറ്റർ, എ.സി. സ്ലീപ്പർ, എ.സി. സീറ്റർ കം സ്ലീപ്പർ, സൂപ്പർ ഫാസ്റ്റ് പ്രീമിയം, ഗ്രാമീണ മിനി ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ലിങ്ക് ബസ് എന്നീ പുതിയതരം ബസ്സുകളുടെ ലോഞ്ചിംഗ്, പുതിയ സർവീസ് ക്ലാസ്സുകൾ

ഉൾപ്പെടെയുള്ള പദ്ധതികളും ജീവനക്കാരുടെ പങ്കാളിത്തത്തോടെ 'ട്രാൻസ്പോ' പോലെയുള്ള പരിപാടികൾ സംഘടിപ്പിച്ചതും ജീവനക്കാരിൽ പുത്തനുണർവും പൊതുജനങ്ങൾ കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് ആകർഷിക്കപ്പെടുന്നതിനും വരുമാന വർദ്ധനവിനും കാരണമായി.

2024-25 കാലയളവിൽ മേൽപ്പറഞ്ഞ വിവിധ ശ്രേണികളിൽ ഉള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ 540 ബസ്സുകൾ വാങ്ങുവാനായി തീരുമാനിക്കുകയും ആയതിൽ 252 ബസ്സുകൾ (വിവിധ ശ്രേണിയിൽ ഉള്ളത്) ലഭ്യമാക്കി സർവീസുകൾ തുടങ്ങിയിട്ടുള്ളതുമാണ്.

2025-26 വർഷത്തെ ശബരിമല മകരവിളക്ക് മഹോൽസവത്തിനായി ചരിത്രത്തിലാദ്യമായി 1000 ബസുകൾ ക്രമീകരിക്കുകയും യാതൊരു പരാതിയുമില്ലാതെ ആവശ്യമായ ബസുകൾ നൽകി വിജയകരമായി സ്പെഷ്യൽ സർവീസ് നടത്തുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുവാൻ സ്വീകരിച്ച മേൽ നടപടികളിലൂടെ, 2025 ആഗസ്റ്റ് മാസം മുതൽ എല്ലാ യൂണിറ്റുകളും തുടർച്ചയായി ഓപ്പറേഷണൽ ടാർജറ്റ് നേടുകയും പ്രവർത്തനലാഭത്തിൽ എത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

കൂടാതെ പുതിയ പദ്ധതികൾ, പുതിയ ബസ്സുകൾ, പുതിയ ക്ലാസ് സർവീസുകൾ എന്നിവയിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവും പ്രതികിലോമീറ്റർ വരുമാനം (ഇ.പി.കെ.എം.), ഇ.പി.ബി., പ്രതിദിന ടിക്കറ്റ് വരുമാനം എന്നിവ ഉൾപ്പെടെയുള്ള എല്ലാ ഓപ്പറേഷണൽ പരാമീറ്ററുകളിലും പുരോഗതി ഉണ്ടാവുകയും ചെയ്തു.

05.01.2026-ൽ കെ.എസ്.ആർ.ടി.സി.യുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന റെക്കോർഡ് പ്രതിദിന ടിക്കറ്റ് വരുമാനമായ 12.18 കോടി രൂപയും, 12.01.2026-ൽ രണ്ടാമത്തെ ഉയർന്ന പ്രതിദിന ടിക്കറ്റ് വരുമാനമായ 10.89 കോടി രൂപയും നേടുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 15.12.2025-ൽ 10.77 കോടി രൂപ, 08.09.2025-ൽ 10.19 കോടി രൂപ, 06.10.2025-ൽ 9.41 കോടി രൂപ എന്നീ മികച്ച പ്രതിദിന ടിക്കറ്റ് വരുമാനങ്ങളും ഇതിന്റെ തുടർച്ചയായി കോർപ്പറേഷൻ നേടിയിട്ടുള്ളതാണ്.

ഇതിൽ നിന്നും മേൽ സ്വീകരിച്ച നടപടികൾ പ്രയോജനപ്രദമാണ് എന്ന് വിലയിരുത്തുന്നു.

പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ സ്ത്രീ തൊഴിലാളികൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി,

ഡിപ്പോകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും, വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ / ലോജിസ്റ്റിക്സ് പദ്ധതി, എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

<u>കെ.എസ്.ആർ.ടി.സി.യിൽ ടിക്കറ്റ് ഡിജിറ്റലൈസേഷന്റെ ഭാഗമായി ഐ.ടി. വിഭാഗത്തിൽ ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങൾ</u>

- ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ.
- ഓൺലൈൻ സ്റ്റുഡന്റ് കൺസഷൻ സംവിധാനം.
- ഓൺലൈൻ പാസഞ്ചർ റിസർവേഷൻ സിസ്റ്റം & ലൈവ് ടിക്കറ്റിംഗ്.
- സ്മാർട്ട് ട്രാവൽ കാർഡ്.
- റെന്റൽ മാനേജ്മെന്റ് സിസ്റ്റം.
- കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്.
- സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം (എം.എൽ.എ. ഫണ്ട് ഉപയോഗിച്ച്)
- കസ്റ്റമർ കെയർ പോർട്ടൽ.
- ഇന്ധനക്ഷമത കണക്കാക്കുന്നതിനുള്ള പ്രോഗ്രാം.
- ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റം.
- കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം.
- ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ.
- Passenger Information System - PIS.
- ഇന്റലിജന്റ് കമാൻഡ് & കൺട്രോൾ സെന്റർ (ICCC).
- AI-പവർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം.
- ഡിജിറ്റൽ ബസ് പരസ്യ പ്ലാറ്റ് ഫോം.
- Integrated Expense & Revenue Management System (IERMS).

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെയും, പൊതുഗതാഗത മേഖലയിൽ കൂടുതൽ ജനപ്രീതി നേടുന്നതിന്റെയും പ്രവർത്തനങ്ങളുടെ ഭാഗമായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.

തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് സർവീസുകൾ ആരംഭിച്ചു. ഡബിൾ ഡെക്കർ യാത്രകൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചു.

മൂന്നാറിൽ എത്തുന്ന വിനോദ സഞ്ചാരികൾക്കായി പ്രത്യേക രീതിയിൽ കെ.എസ്.ആർ.ടി.സി.യുടെ തന്നെ വർക്ക്ഷോപ്പിൽ രൂപകല്പന ചെയ്ത 'റോയൽ വ്യൂ' ഡബിൾ ഡെക്കർ ബസിന്റെ സർവീസ് ആരംഭിച്ചു. ഈ ബസിന്റെ ഇരുവശങ്ങളും, മുൻ വശവും ഗ്ലാസിനാൽ നിർമിതമായതിനാൽ യാത്രക്കാർക്ക് 360 ഡിഗ്രി വ്യൂവിൽ മൂന്നാറിന്റെ പ്രകൃതിയും കാലാവസ്ഥയും നേരിട്ട് ആസ്വദിക്കാൻ സാധിക്കും. ആദ്യ ബസിന്റെ ജനപ്രീതിയും

സ്വീകാര്യതയും പരിഗണിച്ച് 'റോയൽ വ്യൂ 2.0' രണ്ടാമത്തെ ഗ്ലാസ് ഡബിൾ ഡെക്കർ ബസും 2026 ജനുവരി 2 മുതൽ മൂന്നാറിൽ സർവീസ് ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സെൻട്രൽ വർക്ക്ഷോപ്പിൽ ശീതീകരണ സംവിധാനം അടക്കം ഏർപ്പെടുത്തിയും, സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളിൽ മതിയായ ജീവനക്കാരെ പുനർവിന്യസിച്ചും ബസ്സുകളുടെ ഓഫ്റോഡ് കുറയ്ക്കുന്നതിനായി പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സംസ്ഥാനത്ത് പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാ സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ സർവ്വീസിന് ഉപയോഗിച്ചു വരുന്ന സൂപ്പർ ക്ലാസ്സ് (സൂപ്പർ ഡീലക്സ്, വോൾവോ തുടങ്ങിയവ) ശ്രേണിയിൽപ്പെട്ട ബസ്സുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാവിധ അറ്റകുറ്റപണികളും നടത്തി റീ ഫർബിഷിംഗ് പൂർത്തീകരിച്ച് 27.01.2026-ൽ 125 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് ടൂറിസ്സം സെല്ലിന്റെ ആവശ്യത്തിലേയ്ക്ക് 29 ബസ്സുകളും റീ ഫർബിഷിംഗ് വർക്കുകൾ പൂർത്തീകരിച്ച് നൽകിയിട്ടുണ്ട്. മറ്റ് ബസ്സുകളുടെ റീ ഫർബിഷിംഗ് വർക്കുകൾ പുരോഗതിയിലാണ്.

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലായി ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് ഉപകാരപ്രദവും കെ.എസ്.ആർ.ടി.സി.യ്ക്ക് ഗുണകരവും എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിലായി 21 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിക്കുകയും 10 ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ദീർഘദൂര യാത്രക്കാർക്ക് നിലവാരമുള്ള ഡൈനിംഗ് നൽകുന്നതിനായി Wayside ഹോട്ടലുകൾ, Pre Ordered Meals, Digital Clock Rooms, പ്രധാന ബസ് സ്റ്റേഷനുകളിൽ യാത്രാക്കാർക്കായി VIVO-യുടെ സഹകരണത്തോടെ ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. ബസ് സ്റ്റേഷനുകളിലെ പൊതു ടോയ്ലറ്റുകൾ, സുലഭ് ഇന്റർനാഷണലിന് കൈമാറി വൃത്തിയുള്ള ശൗചാലയങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യിൽ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 151 കടമുറികൾ കാലങ്ങളായി ഒഴിഞ്ഞു കിടന്നതിൽ വിവിധങ്ങളായ നടപടികളിലൂടെ 101 കടമുറികൾ ടെണ്ടർ ചെയ്തു ലൈസൻസികൾക്ക് നൽകുകയും ബാക്കിയുള്ളവ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയും ചെയ്യുന്നു. ഇത് പ്രതിമാസ ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ബസ് സ്റ്റേഷൻ പരിസരങ്ങളിൽ ഒഴിഞ്ഞു കിടന്ന സ്ഥലങ്ങൾ sq.ft. അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് സ്റ്റാളുകൾക്ക് അനുവദിച്ചതിലൂടെ 56 സ്ഥലങ്ങളിലായി 26,00,000/- ത്തോളം രൂപ പ്രതിമാസം ടിക്കറ്റിതര വരുമാനത്തിൽ അധികമായി നേടാൻ കഴിയുന്നുണ്ട്.

ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ ഉപയോഗ രഹിതമായി കിടക്കുന്ന സ്ഥലങ്ങൾ വാണിജ്യ ആവശ്യത്തിനായി ഉപയോഗിച്ച് വലിയ രീതിയിൽ വരുമാനം ഉണ്ടാക്കുന്നതിനായി BOT അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്, അമ്യൂസ്മെന്റ് പാർക്ക്, റിസോർട്ട് എന്നിവ നിർമ്മിക്കുന്നതിനായി ടെൻഡർ അടക്കമുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്.

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ഡിപ്പോകളുടെ ബ്രാൻഡിംഗ് നടത്തി വരുന്നു. പുനലൂർ, നെടുമങ്ങാട്, വിഴിഞ്ഞം, കാട്ടാക്കട എന്നിവിടങ്ങളിൽ ആയത് പൂർത്തീകരിച്ചു. കൂടുതൽ ബസ് സ്റ്റേഷനുകൾ ബ്രാൻഡിംഗ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

മൂന്നാർ ഡിപ്പോയിൽ ടിക്കറ്റിതര വരുമാന വർദ്ധനവിന്റെ ഭാഗമായി പൊതുജനങ്ങൾക്കായി ഫുഡ് ഹബ് പ്രവർത്തിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. കൊറിയർ / പാഴ്സൽ സർവീസ് വിപുലീകരിച്ചതിലൂടെ വരുമാനം മെച്ചപ്പെട്ട രീതിയിൽ വർദ്ധിച്ചു വരുന്നു.

സുൽത്താൻ ബത്തേരി, വിതുര എന്നീ സ്ഥലങ്ങളിൽ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും പുക പരിശോധനാ കേന്ദ്രങ്ങളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 15 യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും തിരുവനന്തപുരം വികാസ്ഭവൻ ഡിപ്പോയിൽ ഒരു പൊല്യൂഷൻ ടെസ്റ്റിംഗ് സെന്ററും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുവായൂർ യാത്രാഫ്യുവൽസ് ഔട്ട് ലെറ്റിൽ ഒരു സി.എൻ.ജി. സ്റ്റേഷനും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടുതൽ യാത്രാഫ്യുവൽ ഔട്ട് ലെറ്റുകളും Pollution Testing Centre-കളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്</u>

സ.ഉ.(അച്ചടി) നം. 58/2021/TRANS തീയതി 11.12.2021 പ്രകാരം KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും, സംസ്ഥാന പ്ലാൻസ്കീമുകൾക്ക് കീഴിലുള്ള ബസുകൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ തുടങ്ങിയ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വേണ്ടി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിച്ചു.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 165 ഇലക്ട്രിക് ബസ്സുകളും, 388 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾ ഉൾപ്പടെ 553

| | | | |
|---|---|---|---|
| | | | ബസ്സുകൾ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തി വരുന്നു.<br><br>യാത്രക്കാർക്ക് മികവുറ്റ യാത്രാസൗകര്യം നൽകുന്നതിനായി ആധുനിക സൗകര്യങ്ങൾ ആയ പുഷ്ബാക്ക് റിക്ലൈനിങ് സീറ്റ് / ബെർത്ത്, മൊബൈൽ ചാർജിങ് പോയിന്റ്, വൈഫൈ സൗകര്യം, റീഡിങ് ലാമ്പുകൾ, ബോട്ടിൽ ഹോൾഡറുകൾ, മാഗസിൻ പൗച്ച്, മ്യൂസിക് സിസ്റ്റം, TV, CCTV ക്യാമറ, യാത്രക്കാരുടെ സുരക്ഷയെ മുൻനിർത്തി ഡ്രൈവർ ഉറങ്ങുന്നുണ്ടോ എന്ന് അറിയുവാനായി A.I അധിഷ്ഠിത ഡ്രൈവർ ഫാറ്റീഗ് ഡിറ്റക്ഷൻ ക്യാമറ ആൻഡ് അലാം, എയർ സസ്പെൻഷൻ തുടങ്ങിയ സൗകര്യങ്ങളോട് കൂടിയ എ.സി. സീറ്റർ / സ്ലീപ്പർ / സീറ്റർ കം സ്ലീപ്പർ ബസുകൾ ആണ് പുതുതായി നിരത്തിൽ ഇറക്കിയിട്ടുള്ളത്. |
| (സി) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും യഥാസമയം ശമ്പളത്തിലും പെൻഷനിലും വർദ്ധനവ് നൽകുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യിൽ സേവന വേതന കരാർ 2021-ലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്.<br><br>കോവിഡിനെത്തുടർന്ന് ജനങ്ങൾ പൊതുഗതാഗതം ഉപയോഗിക്കുന്നതിലുണ്ടായ കുറവ് കാരണം കോർപ്പറേഷന്റെ വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടായി. അതോടൊപ്പം മുൻകാല ബാധ്യതകളും കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കി. ആയതിനാൽ സർക്കാർ സാമ്പത്തിക സഹായം കോർപ്പറേഷന് നൽകി വരികയാണ്.<br><br>ഡീസൽ, സ്പെയർ പാർട്സ്, എം.എ.സി.ടി., പ്രതിദിന അലവൻസുകൾ, കൺസോർഷ്യം വായ്പ തിരിച്ചടവ്, ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, statutory payments തുടങ്ങിയ അവശ്യ ചെലവുകൾക്ക് തുക വിനിയോഗിച്ച് കഴിഞ്ഞാൽ ജീവനക്കാരുടെ ശമ്പള വിതരണത്തിനുപോലും തുക മാറ്റിവെക്കാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. നിലവിൽ സർക്കാർ സഹായത്തോടെയും, ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയും ജീവനക്കാരുടെ നെറ്റ് ശമ്പളം മാത്രമാണ് വിതരണം ചെയ്യാൻ കഴിയുന്നത്. തൽസ്ഥിതിയിൽ പെൻഷൻ ഇനത്തിലെ വർദ്ധന കോർപ്പറേഷന് താങ്ങാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിലും നിലവിൽ പ്രതിമാസ പെൻഷൻ തുക അനുവദിച്ചുവരുന്നു. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള ചില പ്രധാന കേന്ദ്രങ്ങളിലെ സ്ഥലവും കെട്ടിടവും കെ.ടി.ഡി.എഫ്.സി.-യ്ക്ക് കൈമാറുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ഓരോ ഡിപ്പോയ്ക്കും ഓപ്പറേറ്റിംഗ് സെന്ററുകൾക്കും പ്രതിമാസം കളക്ട് ചെയ്യേണ്ടതായ തുക സംബന്ധിച്ച് പുതിയ നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | പ്രതിമാസം കളക്ട് ചെയ്യേണ്ടതായ തുക സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. എന്നാൽ എല്ലാ ഡിപ്പോകൾക്കും ഓപ്പറേറ്റിംഗ് സെന്ററുകൾക്കും ലഭ്യമാകേണ്ടതായ ദൈനംദിന ടാർജറ്റ് വരുമാനം അതത് യൂണിറ്റുകളുടെ ചെലവ്, വരുമാന സാധ്യത എന്നിവ പരിഗണിച്ച് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇത് കൂടുതൽ വരുമാന സാധ്യതയുള്ള ദിവസങ്ങളിൽ പുനഃക്രമീകരിച്ചും നൽകിയിട്ടുണ്ട്. ഇതിലൂടെ മിക്കവാറും യൂണിറ്റുകൾ ടാർജറ്റ് |

| | | | |
|---|---|---|---|
| | | | നേടുന്ന സ്ഥിതിയിലേയ്ക്കും എല്ലാ യൂണിറ്റുകളും പ്രവർത്തന ചെലവ് നേടുന്ന നിലയിലേയ്ക്കും എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>മുൻ മാസങ്ങളിലെ കളക്ഷൻ കണക്കുകൾ അടിസ്ഥാനമാക്കി, ബജറ്റ് ടൂറിസം സെൽ മുഖേന നടപ്പിലാക്കുന്ന ടൂർ പാക്കേജുകളുടെ പ്രവർത്തനത്തിനായി ഓരോ ഡിപ്പോകൾക്കും പ്രതിമാസം കൈവരിക്കേണ്ട വരുമാന ടാർഗറ്റുകൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. വിവിധ ഡിപ്പോകൾക്കായി നിശ്ചയിച്ചിരിക്കുന്ന പ്രതിമാസ ടാർഗറ്റുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| No | UNIT | TARGET |
|---|---|---|
| 1 | ADOOR | 6,00,000 |
| 2 | ALAPPUZHA | 8,00,000 |
| 3 | ALUVA | 10,00,000 |
| 4 | ANGAMALI | 5,00,000 |
| 5 | ARYANAD | 5,00,000 |
| 6 | ARYANKAVU | 6,00,000 |
| 7 | ATTINGAL | 5,00,000 |
| 8 | CHADAYAMANGALAM | 6,00,000 |
| 9 | CHALAKKUDY | 36,00,000 |
| 10 | CHANGANASSERY | 5,00,000 |
| 11 | CHATHANOOR | 6,00,000 |
| 12 | CHENGANOOR | 10,00,000 |
| 13 | CHERTHALA | 7,00,000 |
| 14 | CHITTOOR | 6,00,000 |
| 15 | EDATHUVA | 5,00,000 |
| 16 | ERATTUPETTA | 5,00,000 |
| 17 | ERNAKULAM | 25,00,000 |
| 18 | ERUMELI | 5,00,000 |
| 19 | GURUVAYOOR | 5,00,000 |
| 20 | HARIPPAD | 7,00,000 |
| 21 | IRINJALAKKUDA | 5,00,000 |
| 22 | KALPETTA | 5,00,000 |
| 23 | KANHANGAD | 6,00,000 |
| 24 | KANIYAPURAM | 5,00,000 |
| 25 | KANNUR | 30,00,000 |
| 26 | KARUNAGAPPALLY | 10,00,000 |
| 27 | KASARGOD | 10,00,000 |
| 28 | KATTAKKADA | 5,00,000 |
| 29 | KATTAPPANA | 5,00,000 |
| 30 | KAYAMKULAM | 5,00,000 |
| 31 | KILIMANOOR | 12,00,000 |
| 32 | KODUNGALLUR | 10,00,000 |
| 33 | KOLLAM | 40,00,000 |
| 34 | KONNI | 6,00,000 |
| 35 | KOOTHATTUKULAM | 17,00,000 |
| 36 | KOTHAMANGALAM | 25,00,000 |
| 37 | KOTTARAKKARA | 20,00,000 |
| 38 | KOTTAYAM | 17,00,000 |
| 39 | KOZHIKODE | 20,00,000 |
| 40 | KULATHUPUZHA | 6,00,000 |
| 41 | KUMILY | 5,00,000 |
| 42 | MALA | 5,00,000 |
| 43 | MALAPPURAM | 20,00,000 |
| 44 | MALLAPPALLY | 6,00,000 |
| 45 | MANANTHAVADY | 6,00,000 |

| | | |
|---|---|---|
| 46 | MANNARCAUD | 6,00,000 |
| 47 | MAVELIKKARA | 17,00,000 |
| 48 | MOOLAMATTOM | 5,00,000 |
| 49 | MUNNAR | 25,00,000 |
| 50 | MUVATTUPUZHA | 10,00,000 |
| 51 | NEDUMANGAD | 8,00,000 |
| 52 | NEDUMKANDAM | 5,00,000 |
| 53 | NEYYATTINKARA | 8,00,000 |
| 54 | NILAMBUR | 8,00,000 |
| 55 | NORTH PARAVOOR | 7,00,000 |
| 56 | PALA | 15,00,000 |
| 57 | PALAKKAD | 17,00,000 |
| 58 | PALODE | 5,00,000 |
| 59 | PANDALAM | 6,00,000 |
| 60 | PAPPANAMCODE | 5,00,000 |
| 61 | PARASSALA | 5,00,000 |
| 62 | PATHANAMTHITTA | 25,00,000 |
| 63 | PATHANAPURAM | 6,00,000 |
| 64 | PAYYANOOR | 13,00,000 |
| 65 | PERINTHALMANNA | 15,00,000 |
| 66 | PEROORKADA | 5,00,000 |
| 67 | PERUMBAVOOR | 7,00,000 |
| 68 | PIRAVOM | 7,00,000 |
| 69 | PONKUNNAM | 5,00,000 |
| 70 | PONNANI | 6,00,000 |
| 71 | POOVAR | 5,00,000 |
| 72 | PUNALUR | 6,00,000 |
| 73 | PUTHUKKAD | 5,00,000 |
| 74 | RANNI | 6,00,000 |
| 75 | SULTHAN BATHERY | 10,00,000 |
| 76 | THALASSERY | 13,00,000 |
| 77 | THAMARASSERY | 14,00,000 |
| 78 | THIRUVALLA | 15,00,000 |
| 79 | THIRUVAMBADY | 5,00,000 |
| 80 | THODUPUZHA | 17,00,000 |
| 81 | THOTTILPALAM | 5,00,000 |
| 82 | THRISSUR | 25,00,000 |
| 83 | TRIVANDRUM CENTRAL | 12,00,000 |
| 84 | TRIVANDRUM CITY | 35,00,000 |
| 85 | VADAKARA | 5,00,000 |
| 86 | VADAKKENCHERRY | 6,00,000 |
| 87 | VAIKOM | 10,00,000 |
| 88 | VELLANAD | 5,00,000 |
| 89 | VELLARADA | 5,00,000 |
| 90 | VENJARAMOODU | 23,00,000 |
| 91 | VIKAS BHAVAN | 5,00,000 |
| 92 | VITHURA | 8,00,000 |
| 93 | VIZHINJAM | 5,00,000 |

24/1/16

CTM
BTC, KSRTC